വോള്യം 9// ബുക്ക് 1

500

# മലയാള സാഹിതി

## സാഹിത്യഗവേഷണ സമാഹിതം

A Peer reviewed Research Journal in Malayalam- UGC CARE Listed



21

# മലയാളസാഹിതി

## സാഹിത്യഗവേഷണ സമാഹിതം

A peer reviewed Research Journal in Malayalam

---

**വാല്യം 11 ലക്കം 1 ജനുവരി _ ജൂൺ 2023**

---

**21**

**മലയാളവിഭാഗം**

**എൻ.എസ്.എസ്. കോളേജ്, നിലമേൽ**

Malayalasahithy Sahithya Gaveshana Samahitham
(A peer reviewed Research Journal in Malayalam)
Published two times a year
Published by Department of Malayalam
N.S.S.College, Nilamel, Pin - 691535
web: www.malayalasahithy.in
Vol 11 No. 1 January- June 2023
ISSN 1722 2349-7246

**Managing Editor**
**Dr.Beena.S**

**Chief Editor**
**Dr.M.Vijayan Pillai**

**Sub Editor**
**Dr.R.Rajesh**

***Editorial Board***

Dr.C.Jayakumar
Dr.Asha R.I
Dr.Rasmi R.R
Dr.Sangeetha S.L
Dr.Deepu P
Dr.Bineesh E K

***Advisory cum Review Board***

Prof. V.N. Murali
Dr.Desamangalam Ramakrishnan
Dr.N.Mukundan
Dr.A.M.Sreedharan
Dr.D.Benjamin
Dr.K.S.Ravikumar
Dr.C.R.Prasad
Dr.L.Thomaskutty
Dr.S.Bhasiraj
Dr.Sabu.H
Dr.S.Nazeeb
Dr. T.K Santhosh Kumar
Dr.K.Jyothishkumar

Cover Design : Bejoy
Printed at : Sujilee offset printers, Chathannoor

**Rs. 500**

# സദാനന്ദസ്വാമിയുടെ വിപ്ലവജീവിതം

ഡോ.സുരേഷ് മാധവ്

**പ്രബന്ധസംഗ്രഹം:** മഹാത്മാ അയ്യൻകാളിയേയും തമിഴ്ദേശീയവാദിയായ സുബ്രഹ്മണ്യശിവയേയും സംഘടനരംഗത്തേയ്ക്ക് നയിച്ച വിപ്ലവകാരിയായിരുന്നു വേദഗുരു സദാനന്ദസ്വാമികൾ (1877-1924). താഴ്ത്തപ്പെട്ട ജനതയ്ക്കുവേണ്ടി പ്രവർത്തിച്ച അദ്ദേഹം വിദ്യാഭ്യാസം, വ്യവസായം എന്നിവയ്ക്ക് വലിയ പ്രാധാന്യം നല്കി. 1901-ൽ പാലക്കാട് കേന്ദ്രമാക്കി ബ്രഹ്മനിഷ്ഠാമഠം ചിത്സഭാമിഷൻ അദ്ദേഹം സ്ഥാപിച്ചു. അധഃസ്ഥിതരുടെ ഉന്നമനമായിരുന്ന സദാനന്ദസ്വാമിയുടെ ജീവിതലക്ഷ്യം. മലയാളത്തിലും തമിഴിലുമായി നിരവധി കൃതികൾ രചിച്ച വേദഗുരു, 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ സാമൂഹികവികസനം ലക്ഷ്യമാക്കി പതിനെട്ടിനപദ്ധതി തിരുവിതാംകൂർ ഭരണകൂടത്തിന് സമർപ്പിക്കുകയുണ്ടായി. 1924 ൽ സമാധിയായ സ്വാമികൾ കേരളത്തിലെ നിരവധി സംരംഭങ്ങളുടെ സാരഥിയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവും ദർശനവും വേണ്ടുംവിധം തിരിച്ചറിയപ്പെട്ടിട്ടില്ല. സദാനന്ദസ്വാമിയുടെ സംഭവബഹുലമായ ജീവിതത്തിന്റെ ചില പ്രധാനരേഖകളാണ് ഈ പ്രബന്ധത്തിലുള്ളത്.

**താക്കോൽ വാക്കുകൾ:** അയ്യൻകാളി, സദാനന്ദസ്വാമി, സ്വദേശാഭിമാനി, നവോത്ഥാനം, വേദവിപ്ലവം.

സദാനന്ദസ്വാമി അവർകളെ ഒരു ലോകഗുരുവായി ഈശ്വരൻ പ്രത്യേകം സൃഷ്ടിച്ചിരിക്കുന്നു എന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നതായി അറിയുന്നു. ഇതിന്റെ വാസ്തവം എന്താണെന്നറിയുന്നില്ലാ എന്ന പ്രസ്താവത്തോടെയാണ്, സ്വന്തം ഉടമസ്ഥതയിലും പത്രാധിപത്യത്തിലും ഉള്ള കേരളൻ പത്രിക(1905)യിലൂടെ സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള (1878-1916) തന്റെ തീക്ഷ്ണവിമർശനപരമ്പരയ്ക്ക് തുടക്കം കുറിച്ചത്. സദാനന്ദസ്വാമികളെക്കുറിച്ച് ഒളിഞ്ഞും തെളിഞ്ഞും പല ലേഖനങ്ങളും കേരളനിൽ രാമകൃഷ്ണപിള്ളയുടെ വകയായി പ്രത്യക്ഷപ്പെട്ടു. പ്രകോപനം നിറഞ്ഞ ചോദ്യങ്ങളും അഭിമുഖങ്ങളും ഉണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആധുനികസ്വഭാവത്തിൽ ആരംഭിച്ച പത്രപ്രവർത്തനത്തിന് ചൂടുംവെളിച്ചവുമേകി സദാനന്ദസ്വാമികൾ മാധ്യമങ്ങളിൽ നിറഞ്ഞു നിന്നു. അറിവധികാരത്തിനും രാജാധികാരത്തിനും കാലത്തെ മാറ്റാൻ കഴിയും. അറിവിന്റെ വിവേകം അനുരഞ്ജനമാണെന്ന് അറിഞ്ഞിരുന്ന സ്വാമികൾ ആധുനികതയുടെ നിഷേധസ്വഭാവം, അധികാരത്തിന്റെ നേർക്ക് സ്വീകരിച്ചിരുന്നില്ല. നയം ദൗർബല്യമാണ് എന്ന മുൻവിധിയും സദാനന്ദനെ തൊട്ടിരുന്നില്ല. ഇന്ത്യൻ സാംസ്കാരികചരിത്രത്തെ, കാലമാറ്റങ്ങളുടെ തിരിച്ചറിവിൽ വിശകലനം ചെയ്തുകൊണ്ടാണ്, സ്വാമികൾ രംഗത്തിറങ്ങിയത്. പഴയ മാമൂലുകൾക്കും പുതിയ ചിന്താധാരകൾക്കും പെട്ടെന്ന് വന്നുകയറാവുന്ന വഴിയായിരുന്നില്ല സദാന